കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ), ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം/സ്ഥലം മാറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത(സി)വകുപ്പ്

**സ.ഉ.(സാധാ) നം.320/2020/ഗതാഗതം** തീയതി,തിരുവനന്തപുരം, 06/10/2020

---

പരാമർശം:- 1 സ.ഉ.(അച്ചടി)നമ്പർ.41/2020/ഗതാഗതം തീയതി.23.07.2020.

2 സ.ഉ.(സാ.ധാ)നമ്പർ.309/2020/ഗതാഗതം തീയതി.29.09.2020.

3 ട്രാൻസ്പോർട്ട് കമ്മിഷണറുടെ 01.10.2020-ലെ A1/69/2020-TC-നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (2)-ലെ ഉത്തരവ് പ്രകാരം സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ആയിരുന്ന ശ്രീ.എം.പി.അജിത് കുമാറിന് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആയി താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചതുവഴി ഉണ്ടായ ഒഴിവിലേക്ക് പരാമർശം (1) പ്രകാരം ഉള്ള സെലക്ട് ലിസ്റ്റിൽ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സ്ഥാനത്തേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ.ടി.സി.വിനേഷിനു, സ്ഥാനക്കയറ്റം അനുവദിക്കണം എന്ന് ആവശ്യപ്പെട്ട പരാമർശം (3) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്

2)സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും ചുവടെ പറയുന്ന സ്ഥാനക്കയറ്റം/ സ്ഥലം മാറ്റം ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവാകുന്നു.

1. <u>സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ)</u>

   സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേഷൻ) ആയിരുന്ന ശ്രീ.എം.പി.അജിത് കുമാറിന് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആയി താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചതുവഴി ഉണ്ടായ ഒഴിവിലേക്ക്, ഉത്തരമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ.ടി.സി.വിനേഷിനു, കെ.എസ് &എസ്.എസ്.ആർ ഭാഗം II, ചട്ടം 28(ബി)(i) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ Rs.77,400-1,15,200/- ശമ്പള സ്കെയിലിൽ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ(ടാക്സേഷൻ) ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

2. <u>ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ</u>

   ഉത്തരമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ.ടി.സി.വിനേഷിനു സീനിയർ ഡെപ്യൂട്ടി

ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേഷൻ) ആയി സ്ഥാനക്കയറ്റം അനുവദിച്ചതുവഴി ഉണ്ടായ ഒഴിവിലേക്ക് തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസർ ആയ ശ്രീ.കെ.പദ്മകുമാറിനെ, കെ.എസ് &എസ്.എസ്.ആർ ഭാഗം II, ചട്ടം 28(ബി)(i) പ്രകാരം റെഗുലർ അടിസ്ഥാനത്തിൽ Rs.68,700-1,10,400/- ശമ്പള സ്കെയിലിൽ കോഴിക്കോട് ഉത്തരമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

3. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ.

തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസർ ശ്രീ.കെ.പദ്മകുമാറിനെ, കോഴിക്കോട് ഉത്തരമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നൽകിയത് വഴി ഉണ്ടായ ഒഴിവിലേക്ക് തിരുവനന്തപുരം എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസർ ആയ ശ്രീ.കെ.മനോജ്കുമാറിന് സ്ഥലം മാറ്റം നൽകിയും തിരുവനന്തപുരം എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസറുടെ അധിക ചുമതല നൽകിയും നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്. നു
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ ക്കു